കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - റൂറൽ മേഖലയിലെ പൂർത്തീകരിയ്ക്കാത്ത കെട്ടിടങ്ങളുടെ പൂർത്തീകരണം - തുക അനുവദിച്ച് ഉത്തവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 757 /2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 21.03.2018

---

വായന:- 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/02/2018 ലെ LM/FiN/PRPL/ 03/2017-18 നം.കത്ത്

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/02/2018 ലെ LM/FiN/PRPL/ 04/2017-18 നം.കത്ത്

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി പ്രൈമറി കാറ്റഗറിയിലും സെക്കന്ററി കാറ്റഗറിയിലും പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു തുക അനുവദിക്കുന്നതിലേയ്ക്കായി വായന (1) പ്രകാരം ആകെ ആവശ്യപ്പെട്ടിട്ടുള്ള 146.36 കോടിരൂപയിൽ നിന്ന് 100 കോടി രൂപ അടിയന്തിരമായി ആവശ്യമുണ്ടെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വായന(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ലൈഫ് മിഷൻ ലഭ്യമാക്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ '2515-00-102-34(PV) ലൈഫ് പാർപ്പിട പദ്ധതി എന്ന ശീർഷകത്തിൽ SDG മുഖേന അനുവദിച്ച 143 കോടി രൂപയിൽ നിന്നും 100 കോടി രൂപ(നൂറ് കോടി രൂപ മാത്രം) റൂറൽ മേഖലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പണി പൂർത്തീകരിക്കാത്ത കെട്ടിടങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ചു കൊണ്ടും പ്രസ്തുത തുക '2515-00-102-34(PV) ലൈഫ് പാർപ്പിട പദ്ധതി 'എന്ന അക്കൗണ്ട് ഹെഡിൽ നിന്നും പിൻവലിച്ച് ലൈഫ് മിഷന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 799011400002999) നിക്ഷേപിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

ധനകാര്യ വകുപ്പ് (videDev-2/138/2017-Fin (E- 558046))

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ